**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2612** **17-03-2022 - ൽ മറുപടിയ്ക്ക്**

**കുളം വൃത്തിയാക്കുന്നതിനുള്ള അനുമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ഷാഫി പറമ്പിൽ | | null<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കുളം വൃത്തിയാക്കുന്നതിനുള്ള അനുമതിയുമായി ബന്ധപ്പെട്ട് മൈനിങ് ആന്റ് ജിയോളജി വകുപ്പിന്റെ പാലക്കാട് ജില്ലാ ഓഫീസിൽ 2020-21 ൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും ഇതിൽ എത്ര അപേക്ഷകളിന്മേൽ നടപടികൾ സ്വീകരിച്ചുവെന്നും എത്ര അപേക്ഷകളിന്മേൽ നടപടി സ്വീകരിക്കാനുണ്ടെന്നും വിശദമാക്കാമോ; | (എ) | കുളം വൃത്തിയാക്കി മണ്ണ് നീക്കം ചെയ്യുന്നതിനുള്ള അനുമതി നൽകണമെന്ന് ആവശ്യപ്പെട്ട് പാലക്കാട് ജില്ലാ ഓഫീസിൽ 2020-21 ൽ 12 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. നടപടികൾ സ്വീകരിച്ച അപേക്ഷകൾ - 7 നടപടികൾ സ്വീകരിക്കാനുള്ള അപേക്ഷകൾ - 5 |
| (ബി) | പ്രസ്തുത ആവശ്യത്തിലേയ്ക്കായി 2021-22 ൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും എത്ര അപേക്ഷകളിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും അറിയിക്കാമോ; ഇത്തരം അപേക്ഷകളിന്മേൽ നടപടി വൈകുന്നത് എന്തുകൊണ്ടാണ്; വിശദമാക്കാമോ; | (ബി) | 2021-22ൽ ലഭിച്ച അപേക്ഷകൾ - 14 നടപടികൾ സ്വീകരിച്ച അപേക്ഷകൾ - 10 നടപടികൾ സ്വീകരിക്കാനുള്ള അപേക്ഷകൾ - 4 ബാക്കി അപേക്ഷകളിന്മേൽ നിയമാനുസൃത നടപടികൾ സ്വീകരിച്ച് അപേക്ഷ തീർപ്പാക്കുന്നതാണ്. |
| (സി) | ഇത്തരം അപേക്ഷകളിന്മേൽ നടപടി വൈകുന്നത് മൂലം പാലക്കാട് ജില്ലയിലെ നെൽകൃഷി ഉൾപ്പെടെയുള്ള മറ്റു കാർഷിക വിളകൾ കൃഷി ചെയ്യുന്നതിന് ജലദൗർലഭ്യം അനുഭവപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ പ്രശ്നത്തിന് ശാശ്വത പരിഹാരം കാണാൻ നടപടി സ്വീകരിക്കുമോ; | (സി) | 2021-22ൽ ലഭിച്ച അപേക്ഷകൾ - 14 നടപടികൾ സ്വീകരിച്ച അപേക്ഷകൾ - 10 നടപടികൾ സ്വീകരിക്കാനുള്ള അപേക്ഷകൾ - 4 ബാക്കി അപേക്ഷകളിന്മേൽ നിയമാനുസൃത നടപടികൾ സ്വീകരിച്ച് അപേക്ഷ തീർപ്പാക്കുന്നതാണ്. |
| (ഡി) | കുളം വൃത്തിയാക്കുന്നതുമായി ബന്ധപ്പെട്ട് 2021-22 ൽ ലഭിച്ച അപേക്ഷകളിൽ 2022 ഏപ്രിലിന് മുമ്പ് പാലക്കാട് ജിയോളജിസ്റ്റിന്റെ നടപടി പൂർത്തിയാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; | (ഡി) | 2021-22ൽ ലഭിച്ച അപേക്ഷകൾ - 14 നടപടികൾ സ്വീകരിച്ച അപേക്ഷകൾ - 10 നടപടികൾ സ്വീകരിക്കാനുള്ള അപേക്ഷകൾ - 4 ബാക്കി അപേക്ഷകളിന്മേൽ നിയമാനുസൃത നടപടികൾ സ്വീകരിച്ച് അപേക്ഷ തീർപ്പാക്കുന്നതാണ്. |
| (ഇ) | കുളം വൃത്തിയാക്കി ലഭിക്കുന്ന മണ്ണും മണലും ചെളിയും ട്രാൻസ്പോർട്ട് ചെയ്യാൻ സ്ഥലത്തിന്റെ കൈവശാവകാശ സർട്ടിഫിക്കറ്റും സ്ഥലമുടമയിൽ നിന്നുള്ള അഫിഡവിറ്റും മാത്രം ഹാജരാക്കി ജിയോളജിസ്റ്റിൽ നിന്നും പാസ് ലഭിക്കുന്നതിനായി | (ഇ) | 2015 ലെ കെ.എം.എം.സി ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ സ്വീകരിക്കുവാൻ കഴിയുന്ന പ്രായോഗിക നിർദ്ദേശങ്ങൾ പരിഗണിക്കുന്നതാണ്. |

| | | | |
|---|---|---|---|
| | നടപടിക്രമം ലഘൂകരികരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ